ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:15.09.2026**

## പ്രധാനവാർത്തകൾ

1. അന്താരാഷ്ട്ര ജലപാതകളിലൂടെയുള്ള സുരക്ഷിതമായ ഗതാഗതവും വാണിജ്യവും എത്രയും വേഗം പുനഃസ്ഥാപിക്കണമെന്ന് വിദേശകാര്യമന്ത്രാലയം.

2. പ്രളയജലം കയറി നാശനഷ്ടം സംഭവിച്ച പത്തനംതിട്ട ജില്ലയിലെ വീടുകൾ വാസയോഗ്യമാക്കാൻ ഒരു കുടുംബത്തിന് പതിനായിരം രൂപ വീതം അനുവദിച്ച് സംസ്ഥാന സർക്കാർ.

3. വയോജന ബിൽ, 2026 സംബന്ധിച്ച് അവലോകന യോഗം ചേർന്ന് മുഖ്യമന്ത്രി വി.ഡി സതീശൻ. ബില്ലിൻറെ നടപടികൾ വേഗത്തിൽ പൂർത്തിയാക്കാൻ നിർദ്ദേശം.

4. 98 വില്ലേജുകളെ മാത്രം പരിസ്ഥിതിലോല മേഖല പരിധിയിൽ ഉൾപ്പെടുത്താൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമെന്ന് വനം മന്ത്രി ഷിബു ബേബി ജോൺ.

5. കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ തീരങ്ങളിൽ കടലാക്രമണത്തിന് സാധ്യത.

6. ഇന്ത്യ - അഫ്ഗാനിസ്ഥാൻ പുരുഷ ടി-20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന്.

PIU TVPM

## ബ്രിക്സ് ഉച്ചകോടി

പതിനെട്ടാമത് ബ്രിക്സ് ഉച്ചകോടിയോട് അനുബന്ധിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദിയും ചൈനീസ് പ്രസിഡന്റ് ഷി ജിൻപിംഗും തമ്മിൽ നടത്തിയ കൂടിക്കാഴ്ചയിൽ നിരവധി വിഷയങ്ങൾ ചർച്ചയായതായി വിദേശകാര്യ മന്ത്രാലയം . പരസ്പര ബഹുമാനവും , സംവേദനക്ഷമതയും മുൻനിർത്തി ഇരു രാജ്യങ്ങളുടെയും ആശങ്കകൾ കൈകാര്യം ചെയ്യണമെന്ന് പ്രധാനമന്ത്രി, ചൈനീസ് പ്രസിഡന്റിനോട് ആവശ്യപ്പെട്ടതായി വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ വാർത്ത സമ്മേളനത്തിൽ അറിയിച്ചു. ഒമാൻ തീരത്ത് 'എംടി എൽ ഗയ' എന്ന വാണിജ്യ കപ്പലിനുനേരെയുണ്ടായ ആക്രമണം അംഗീകരിക്കാനാവില്ലെന്നും അദ്ദേഹം വ്യക്തമാക്കി. കപ്പലിലുണ്ടായിരുന്ന 14 ഇന്ത്യൻ നാവികരിൽ 13 പേരെ രക്ഷപ്പെടുത്തി. കാണാതായ ഒരാൾക്കായുള്ള തിരച്ചിൽ ഒമാൻ അധികൃതരുടെ സഹായത്തോടെ തുടരുകയാണ്. അന്താരാഷ്ട്ര ജലപാതകളിലൂടെയുള്ള സുരക്ഷിതമായ ഗതാഗതവും വാണിജ്യവും എത്രയും വേഗം പുനഃസ്ഥാപിക്കണമെന്നും വിദേശകാര്യമന്ത്രാലയം ആവശ്യപ്പെട്ടു.

## ദുരിതാശ്വാസ നിധി

പ്രളയജലം കയറി നാശനഷ്ടം സംഭവിച്ച പത്തനംതിട്ട ജില്ലയിലെ വീടുകൾ വാസയോഗ്യമാക്കാൻ ഒരു കുടുംബത്തിന് പതിനായിരം രൂപ വീതം അനുവദിച്ച് സംസ്ഥാന സർക്കാർ. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി, സംസ്ഥാന ദുരന്ത പ്രതികരണ നിധി എന്നിവയിൽ നിന്നാണ് ഇതിനാവശ്യമായ 25.64 കോടി രൂപ അനുവദിച്ചത്. ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്കാവും തുക കൈമാറുക.

RNU TVPM

**വയോജന ബിൽ**

വയോജന (പരിചരണവും അവകാശ സംരക്ഷണവും) ബിൽ, 2026 സംബന്ധിച്ച് അവലോകന യോഗം നടത്തി മുഖ്യമന്ത്രി വി.ഡി സതീശൻ. ബില്ലിൻറെ നടപടികൾ വേഗത്തിൽ പൂർത്തിയാക്കാനും നിയമ നിർമാണവുമായി സംസ്ഥാന സർക്കാർ ഉടൻ മുന്നോട്ടുപോകുമെന്നും മുഖ്യമന്ത്രി അറിയിച്ചു. ആരോഗ്യകരവും സജീവവുമായ വാർധക്യം ലക്ഷ്യമിടുന്ന ബിൽ വയോജന പരിചരണ കേന്ദ്രങ്ങൾ, അസിസ്റ്റഡ് ലിവിങ് സൗകര്യങ്ങൾ, പകൽവീടുകൾ, ഹോം കെയർ ഏജൻസികൾ തുടങ്ങിയ സേവനങ്ങൾക്ക് നിലവാരവും ഉത്തരവാദിത്തവും ഉറപ്പാക്കുന്നതിനുള്ള സംവിധാനവും വിഭാവനം ചെയ്യുന്നു.

---

**ഷിബു ബേബി ജോൺ**

പരിസ്ഥിതിലോല നിയമങ്ങൾ പ്രകാരം കർഷകരുടെ ഭൂമി നിർബന്ധിതമായി പിടിച്ചെടുക്കില്ലെന്ന് വനം മന്ത്രി ഷിബു ബേബി ജോൺ. ഭൂമി ഏറ്റെടുക്കേണ്ട ആവശ്യമുണ്ടായാൽ നഷ്ടപരിഹാരം നൽകി മാത്രം ഏറ്റെടുക്കും. 98 വില്ലേജുകളെ മാത്രം പരിസ്ഥിതിലോല മേഖല പരിധിയിൽ ഉൾപ്പെടുത്താൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമെന്നും അദ്ദേഹം വ്യക്തമാക്കി. മലയോര മേഖലയിലെയും വനാതിർത്തി പ്രദേശങ്ങളിലെയും കർഷക സംഘടനാ പ്രതിനിധികളുമായി സെക്രട്ടേറിയറ്റിൽ ചർച്ച നടത്തുകയായിരുന്നു മന്ത്രി. വന്യജീവി ആക്രമണത്തിൽ വിളനാശത്തിനടക്കം കർഷകർക്ക് നൽകുന്ന നഷ്ടപരിഹാരം ഗണ്യമായി വർധിപ്പിക്കുമെന്നും അത് സമയബന്ധിതമായി ലഭ്യമാക്കാൻ നടപടിയെടുക്കുമെന്നും മന്ത്രി ഉറപ്പ് നൽകി.

---

**മന്ത്രി എൻ. ഷംസുദീൻ**

ഹയർസെക്കൻഡറി വിദ്യാർത്ഥികൾക്ക് സൗജന്യ എഐ അധിഷ്ഠിത പരിശീലനം നൽകുന്ന 'മുകുളം' പോർട്ടൽ

RNU/TVPM

വിദ്യാഭ്യാസ മന്ത്രി എൻ.ഷംസുദ്ദീൻ ഉദ്ഘാടനം ചെയ്തു. മത്സരപരീക്ഷകളിൽ വിദ്യാർത്ഥികൾക്ക് നിർമ്മിത ബുദ്ധിയുടെ സൗകര്യം കൂടി പ്രയോജനപ്പെടുത്തി അവസരസമത്വം ഉറപ്പാക്കുകയാണ് മുകുളം പോർട്ടലിലൂടെ സർക്കാർ ലക്ഷ്യമിടുന്നതെന്ന് മന്ത്രി പറഞ്ഞു.

<u>പാലക്കാട് (ഇൻട്രോ)</u>

പാലക്കാട് ജില്ലയിലെ ഒന്നാം വിള നെൽകൃഷിക്കായി മലമ്പുഴ ഡാം നാളെ കനാലിലേക്ക് തുറക്കും.15 മുതൽ 20 ദിവസം വരെ പാടങ്ങളിലേക്ക് വെള്ളം ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്.

**വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്...**

(വോയ്സ്)

<u>വൈദ്യുതി നിയന്ത്രണം</u>

സംസ്ഥാനത്ത് ഇന്ന് രാത്രിയും വൈദ്യുതി മുടങ്ങാൻ സാധ്യതയെന്ന് കെ.എസ്.ഇ.ബി. രാത്രി 12:45 വരെയായിരിക്കും നിയന്ത്രണം. അധിക വൈദ്യുതി ലഭ്യമായതിനെ തുടർന്ന് ഇന്നലെ വൈദ്യുതി നിയന്ത്രണം, വിചാരിച്ചിരുന്നതിനും മുൻപ് തന്നെ പിൻവലിക്കാൻ സാധിച്ചതായും കെ.എസ്.ഇ.ബി അറിയിച്ചു.

<u>വിപുലീകൃത സംസ്ഥാന കമ്മറ്റി</u>

സി പി ഐ എം വിപുലീകൃത സംസ്ഥാന കമ്മറ്റിയുടെ സമാപനത്തോടനുബന്ധിച്ചുള്ള ബഹുജന സമ്മേളനം കോഴിക്കോട് പുരോഗമിക്കുന്നു. പാർട്ടി ജനറൽ സെക്രട്ടറി എംഎ ബേബി സമ്മേളനം ഉദ്ഘാടനം ചെയ്തു. തിരുത്തൽ നടപടികളുടെ ഭാഗമായി സിപിഐഎം സംസ്ഥാന സെക്രട്ടേറിയേറ്റും സംസ്ഥാന സമിതിയും

RNUTVPM

പുനസംഘടിപ്പിച്ചു. പി.ജയരാജൻ, എം ബി രാജേഷ്, വി ശിവൻ കുട്ടി എന്നിവരെ സെക്രട്ടേറിയേറ്റിൽ പുതുതായി ഉൾപെടുത്തി. കേന്ദ്ര കമ്മറ്റിയംഗങ്ങളായ ടിപി രാമകൃഷ്ണനും, തോമസ് ഐസക്കും സെക്രട്ടേറിയേറ്റിൽ നിന്ന് ഒഴിവായി. യുവജന മഹിളാ ഭാരവാഹികളുൾപ്പെടെ 9 പേരെ സംസ്ഥാന സമിതിയിൽ ക്ഷണിതാക്കളായി ഉൾപ്പെടുത്തി.

**സേവാ സങ്കൽപ്**

പ്രധാനമന്ത്രി നരേന്ദ്ര മോദി ഭരണനേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കുന്നതിൻറെ ഭാഗമായി സംസ്ഥാനത്ത് ഒരു മാസം നീളുന്ന സേവാ സങ്കൽപ് അഭിയാൻ സംഘടിപ്പിക്കുമെന്ന് ബിജെപി. മറ്റന്നാൾ മുതൽ ഒക്ടോബർ 17 വരെയാണ് പരിപാടികൾ സംഘടിപ്പിക്കുകയെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

**ആറന്മുള വള്ളസദ്യ (ഇൻട്രോ)**

ആറന്മുള വള്ളസദ്യ കാലത്തിന് നാളെ സമാപനമാകും. മന്ത്രി പിസി വിഷ്ണുനാഥ് സമാപന ചടങ്ങ് ഉദ്ഘാടനം ചെയ്യും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ....**

**(വോയ്സ്)**

**നിമജ്ജന ഘോഷയാത്ര**

വിനായക ചതുർത്ഥി ഗണേശവിഗ്രഹ നിമജ്ജന ഘോഷയാത്ര യോട് അനുബന്ധിച്ച് തിരുവനന്തപുരം നഗരത്തിൽ ഇന്നും നാളെയും ഗതാഗതക്രമീകരണം. ഉച്ചയ്ക്ക് രണ്ട് മണി മുതൽ രാത്രി 9 വരെയാണ് നിയന്ത്രണങ്ങൾ. പാർക്കിംഗിനും നിയന്ത്രണമേർപ്പെ ടുത്തിയിട്ടുണ്ട്. ഘോഷയാത്ര കിഴക്കേക്കോട്ടയിൽ നിന്നാരംഭിച്ച് പാളയം വഴി ശംഖുംമുഖത്താണ് സമാപിക്കുക.

RNU TVPM

**ഇടുക്കി (ഇൻട്രോ)**

ഇടുക്കി-കോട്ടയം അതിർത്തിയിൽ സ്ഥിതി ചെയ്യുന്ന പ്രശസ്ത മലയോര വിനോദസഞ്ചാര കേന്ദ്രമായ ഇലവീഴാപൂഞ്ചിറയിലേക്ക് സഞ്ചാരികളുടെ പ്രവാഹം തുടരുന്നു. അടിസ്ഥാന സൗകര്യങ്ങളുടെ കുറവുണ്ടെങ്കിലും പ്രകൃതിഭംഗിയും ട്രെക്കിംഗ് സൗകര്യങ്ങളും ആസ്വദിക്കാൻ ദിനംപ്രതി നൂറുകണക്കിന് ആളുകളാണ് ഇവിടെയെത്തുന്നത്.

**ഇടുക്കിയിൽ നിന്നും ആകാശവാണി പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്....**

(വോയ്സ്)

---

**കാലാവസ്ഥ**

സംസ്ഥാനത്ത് ഇടിമിന്നലോട് കൂടിയ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ ഇന്നും പത്തനംതിട്ട, എറണാകുളം, ഇടുക്കി ജില്ലകളിൽ നാളെയും മഞ്ഞ ജാഗ്രതയാണ്. കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ തീരങ്ങളിൽ നാളെ രാത്രി 11.30 വരെ കടലാക്രമണത്തിനും സാധ്യതയുണ്ട്.

---

**ടി-20 ക്രിക്കറ്റ്**

ഇന്ത്യ -അഫ്ഗാനിസ്ഥാൻ പുരുഷ ടി-20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന് . ന്യൂഡൽഹിയിലെ അരുൺ ജെയ്റ്റ്ലി സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് കളി ആരംഭിക്കുക. മൂന്ന് മത്സരങ്ങളുള്ള പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യയ്ക്കായിരുന്നു വിജയം.

---

**ടാക്സി തട്ടിപ്പ്**

ഓൺലൈൻ ടാക്സി, ഓട്ടോ ഡ്രൈവർമാരെ ലക്ഷ്യമിട്ട് പുതിയ രീതിയിലുള്ള സൈബർ സാമ്പത്തിക തട്ടിപ്പുകൾ സംസ്ഥാനത്ത്

RNU TVPM

വ്യാപകമാകുന്നതായി കേരള പോലീസ്. ഓൺലൈൻ ആപ്പുകൾ വഴി യാത്ര ബുക്ക് ചെയ്തതിന് ശേഷം, യാത്രക്കൂലി ഡ്രൈവറുടെ അക്കൗണ്ടിലേക്ക് അയച്ചപ്പോൾ തുക മാറിപ്പോയെന്ന് പറഞ്ഞ്, ഡ്രൈവറിൽ നിന്നും മറ്റൊരു അക്കൗണ്ടിലേക്ക് പണം തിരികെ വാങ്ങുന്നതാണ് തട്ടിപ്പിൻറെ രീതി. പണം ക്രെഡിറ്റ് ആയതിന് സമാനമായ വ്യാജ എസ്.എം.എസ്. ഡ്രൈവറുടെ ഫോണിലേക്ക് അയച്ചുകൊണ്ടാണ് തട്ടിപ്പ്.

**വിഴിഞ്ഞം കണ്ടെയ്നർ ഫ്രെയ്റ്റ്**

വിഴിഞ്ഞം കണ്ടെയ്നർ ഫ്രെയ്റ്റ് സ്റ്റേഷന് വ്യവസായ മന്ത്രി പി കെ കുഞ്ഞാലിക്കുട്ടി നാളെ തറക്കല്ലിടും. സംസ്ഥാനത്തെ ആദ്യത്തെ കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷനാണിത്. കസ്റ്റംസ് ക്ലിയറൻസ് ഉൾപ്പെടെയുള്ള വിവിധ ചരക്ക് കൈകാര്യ നടപടികൾ ഒരൊറ്റ കേന്ദ്രത്തിൽ ഏകോപിപ്പിച്ച് തുറമുഖാധിഷ്ഠിത ചരക്ക് നീക്കം കൂടുതൽ വേഗത്തിലും കാര്യക്ഷമമായും സാധ്യമാക്കുകയാണ് ലക്ഷ്യം.

**കെ എം ഷാജി**

തദ്ദേശ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ഫണ്ടുകൾ കാര്യക്ഷമമായും കൃത്യമായും വിനിയോഗിക്കണമെന്ന് മന്ത്രി കെ എം ഷാജി. 16-ാം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റുമായി ബന്ധപ്പെട്ട് കോർപ്പറേഷൻ, മുനിസിപ്പാലിറ്റി അധ്യക്ഷർക്കും സെക്രട്ടറിമാർക്കും തിരുവനന്തപുരത്ത് സംഘടിപ്പിച്ച ഏകദിന ശില്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. തദ്ദേശ സ്ഥാപനങ്ങൾ ഗുണനിലവാരമുള്ള പദ്ധതികൾ സമർപ്പിച്ച് ഫണ്ട് വിനിയോഗം കൃത്യമാക്കണമെന്നും മന്ത്രി പറഞ്ഞു.

RNU TVPM